# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3510**

**12.12.2014 - ൽ**
**മറുപടിക്ക്**

## മണ്ണുത്തി കാർഷിക സർവ്വകലാശാല

**ചോദ്യം**
ശ്രീ.എ. കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി കാർഷിക സർവ്വകലാശാലയിൽ നിന്നും ഈ വർഷം എത്ര അദ്ധ്യാപകരാണ് റിട്ടയർ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

എ) 2014-2015 സാമ്പത്തിക വർഷത്തിൽ 31/03/2015 വരെയുള്ള കാലയളവിൽ 28 അദ്ധ്യാപകർ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വിരമിക്കുന്നുണ്ട്.

ബി) കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ കേന്ദ്രങ്ങൾ നയിക്കാൻ പരിണിതപ്രജ്ഞരും പരിചയ സമ്പന്നരുമായ അദ്ധ്യാപകരെ നിയമിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

ബി) കേരള കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ വിവിധ മേഖലകളിൽ പരിചയ സമ്പന്നരായവരിൽ നിന്നും സീനിയോറിറ്റി, യോഗ്യത എന്നിവ കണക്കിലെടുത്താണ് സർവ്വകലാശാലയുടെ കീഴിലെ വിവിധ ഗവേഷണ കേന്ദ്രങ്ങളുടെ മേധാവികളായി നിയമിച്ചുവരുന്നത്. അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 2010 യു.ജി. റെഗുലേഷൻ അനുസരിച്ച് ഭേദഗതി വരുത്തിയതിനു ശേഷമേ നിലവിലുള്ള അദ്ധ്യാപക തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർവ്വകലാശാലയ്ക്ക് കഴിയുകയുള്ളു. ആയതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സി) സർവ്വകലാശാലയിൽ പരിചയസമ്പന്നരായ അദ്ധ്യാപകരുടെ അഭാവം കുട്ടികളുടെ പഠന ഗവേഷണ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സി) കോളേജ് കാമ്പസിൽ പരിചയസമ്പന്നരായ അധ്യാപകരെ പരമാവധി നിയോഗിക്കുകയും അത്യാവശ്യ ഘട്ടത്തിൽ Teaching Assistants / P.G & Ph.D വിദ്യാർത്ഥികൾ, റിസർച്ച് അസിസ്റ്റൻസ് എന്നിവരുടെ സഹായത്താൽ കുട്ടികളുടെ പഠനത്തെ ബാധിക്കാത്ത വിധം ക്ലാസെടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ